## പതിനാലാം കേരള നിയമസഭ
## പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. *254

13/03/2020 ൽ മറുപടിക്ക്

## തണ്ടപ്പേരും ആധാറും ബന്ധിപ്പിക്കുന്ന നടപടി

**ചോദ്യം**
**ശ്രീ.പി.ജെ.ജോസഫ്**
**,, മോൻസ് ജോസഫ്**
**,, സി.എഫ്.തോമസ്**

**മറുപടി**
**ശ്രീ.ഇ.ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | തണ്ടപ്പേരും ആധാറും ബന്ധിപ്പിക്കുന്നതു കൊണ്ട് സർക്കാരിനും ഭൂവുടമകൾക്കും അധിക ബാധ്യതയുണ്ടാകുമോയെന്ന് വിശദീകരിക്കാമോ; | (എ) | തണ്ടപ്പേരും ആധാറും ബന്ധിപ്പിക്കുന്നതുകൊണ്ട് സർക്കാരിനോ ഭൂവുടമകൾക്കോ അധിക ബാധ്യതയുണ്ടാവുകയില്ല. സംസ്ഥാനത്ത് എല്ലാ ഭൂഉടമകളുടെയും തണ്ടപ്പേർ വിവരങ്ങൾ ആധാർ നമ്പർ ഉൾപ്പെടുത്തി ലിങ്ക് ചെയ്യുകയും തുടർന്ന് കമ്പ്യൂട്ടർ അധിഷ്ഠിതമായ ഒരു പ്രത്യേക തണ്ടപ്പേർ നമ്പർ അനുവദിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. അതുവഴി ഒരു ഭൂഉടമയുടെ പേരിൽ സംസ്ഥാനത്തുള്ള മുഴുവൻ ഭൂമിയുടെയും വിവരങ്ങൾ ആധാർ അധിഷ്ഠിതമായ ഒരു തണ്ടപ്പേരിൽ ലഭ്യമാവുകയും ആയത് വഴി സുഗമവും സുതാര്യവുമായി ഭൂമി സംബന്ധമായ ഇടപാടുകൾ നടത്തുന്നതിനും സാധിക്കും. ഭൂമി സംബന്ധമായ വിവരങ്ങൾ ആധാർ അധിഷ്ഠിത യൂണീക് റ്റി.പി.(UTP) യുമായി ബന്ധപ്പെടുത്തിയാൽ സംസ്ഥാനത്തെ ഏതൊരു കൈവശക്കാരന്റെയും ഭൂ വിവരങ്ങൾ ഡിജിറ്റൽ രൂപത്തിൽ സൂക്ഷിക്കപ്പെടുകയും ആവശ്യമുള്ള സമയം ലഭ്യമാകുന്നതുമാണ്. |
| (ബി) | പദ്ധതി നടപ്പാക്കുന്നതിലൂടെ കേന്ദ്രസർക്കാരിന് ഭൂമി വിവരങ്ങൾ നൽകേണ്ടിവരുമെന്ന ആശങ്കയ്ക്ക് അടിസ്ഥാനമുണ്ടോ എന്നറിയിക്കാമോ; | (ബി) | ഒരു ഭൂഉടമയുടെ പേരിൽ സംസ്ഥാനത്തുള്ള മുഴുവൻ ഭൂമിയുടെയും വിവരങ്ങൾ ആധാർ അധിഷ്ഠിതമായ ഒരു തണ്ടപ്പേരിൽ ലഭ്യമാക്കുക എന്നതാണ് ആധാർ അധിഷ്ഠിത യൂണീക് തണ്ടപ്പേർ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ടി പദ്ധതി നടപ്പിലാക്കുന്നതിലൂടെ ഭൂവിവരങ്ങൾ കേന്ദ്രസർക്കാരിന് നൽകേണ്ടിവരുമെന്ന ആശങ്കയ്ക്ക് അടിസ്ഥാനമില്ലാത്തതാണ്. |

| | | | |
|---|---|---|---|
| (സി) | ആധാർ ഇല്ലാത്തവരുടെ കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; ആധാർ സംബന്ധിച്ച കോടതി വിധി പദ്ധതിയെ ബാധിക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) | ഭൂമി സംബന്ധമായ വിവരങ്ങൾ ഭൂഉടമയുടെ സമ്മതത്തോടെ തന്നെ ആധാർ നമ്പറുമായി ബന്ധിപ്പിച്ചുകൊണ്ട് സർക്കാരിനും പൊതുജനങ്ങൾക്കും പ്രയോജനകരമാകുംവിധം ഭൂമി സംബന്ധമായ സേവനങ്ങൾ സുഗമവും സുതാര്യവുമായി ലഭ്യമാക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ആധാർ ഇല്ലാത്തവരായി വളരെ കുറച്ചുപേർ മാത്രമെ കാണാൻ സധ്യതയുള്ളൂ. അവരുടെ കാര്യത്തിൽ മറ്റേതെങ്കിലും മാർഗ്ഗം സ്വീകരിക്കേണ്ടതുണ്ടോയെന്ന് പരിശോധിക്കും. എന്തായാലും ആധാർ നമ്പർ ഇല്ലാത്ത ഭൂ ഉടമകൾക്ക് നിലവിൽ ലഭ്യമായിട്ടുള്ള തണ്ടപ്പേർ അക്കൗണ്ട് തുടരും. ഭൂഉടമയുടെ സമ്മതത്തോടെ തന്നെ തണ്ടപ്പേർ അക്കൗണ്ടുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ ആണ് സ്വീകരിക്കുന്നത്. ആധാർ വിവരങ്ങൾ പരിശോധിക്കുന്നതിന് Unique Identification Authority of India(UIDAI) യുടെ അനുവാദ പ്രകാരവും, ആധാർ സംബന്ധിച്ച് നിലവിലുള്ള കോടതിവിധികൾക്ക് അനുസൃതമായും ടി പദ്ധതി നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ